# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4823 — 21.10.2011 ൽ മറുപടിക്ക്

### " എൻ.ആർ.എച്ച്.എം. ക്ലിനിക്കുകൾ "

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കെ.ജയചന്ദ്രൻ | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) പഞ്ചായത്തുകളുടെ കീഴിൽ എൻ. ആർ.എച്ച്.എം. ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ടോ; | (എ) പ്രവർത്തിക്കുന്നുണ്ട്. |
| (ബി) ഇത്തരം ക്ലിനിക്കുകളിൽ ജീവനക്കാരെ നിയമിക്കുന്നത് ആരാണ്; നിയമനത്തിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ. | (ബി) ഗ്രാമ പഞ്ചായത്തുകളാണ് നിയമനം നടത്തുന്നത്. ദിവസവേതനക്കാരെ നിയമി ക്കുന്നതിന് പാലിച്ചുപോരുന്ന സർക്കാർ മാനദണ്ഡങ്ങൾക്കനുസൃതമായാണ് എൻ.ആർ.എച്ച്.എം പദ്ധതി പ്രകാരമുള്ള ജീവനക്കാരെ നിയമിക്കുന്നത്. |
| (സി) ഇത്തരം ക്ലിനിക്കുകളിലെ ജീവനക്കാരുടെ ശമ്പളം നൽകുന്നത് ആരാണ്; ശമ്പളകുടിശ്ശിക നൽകാനുണ്ടോ; എങ്കിൽ എന്തുകൊണ്ടാണ് എന്ന് വിശദമാക്കുമോ; | (സി) എൻ.ആർ.എച്ച്.എം ഡിസ്പെൻസറികളിൽ ഡോക്ടർമാരുടെ സേവനം നാഷ ണൽ റൂറൽ ഹെൽത്ത് മിഷൻ നൽകണമെന്നും ഡിസ്പെൻസറിക്കാവശ്യമായ ഫാർമസിസ്റ്റ്/ അറ്റൻഡർ/പാർട്ട് ടൈം സ്വീപ്പർ എന്നീ ജീവനക്കാരുടെ സേവനം, കെട്ടിടം, അടിസ്ഥാന സൗകര്യം, മരുന്ന് എന്നിവ ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകൾ നൽകണമെന്നുമായിരുന്നു വ്യവസ്ഥ. എന്നാൽ |

30.09.2010 ലെ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പുറപ്പെടുവിച്ച ജി.ഒ (ആർ.റ്റി) നമ്പർ 3904/2010/എച്ച്& എഫ്.ഡബ്ല്യൂ.ഡി ഉത്തരവ് പ്രകാരം ആരംഭിക്കുന്ന ആശുപത്രികളിലെ ഫാർമസിസ്റ്റ്/ അറ്റൻഡർ/ പാർട്ട് ടൈം സ്വീപ്പർ എന്നിവർക്ക് വേതനം നൽകുന്നത് ഗ്രാമ പഞ്ചായത്തുകളുടെ ചുമതലയല്ലെന്ന് 20.12.2010 ലെ 46726/എഫ്.എം2/2010/തസ്വഭവ നമ്പർ കത്ത് പ്രകാരം വ്യക്തമാക്കിയിരുന്നുവെങ്കിലും 29.07.2011 ലെ സ.ഉ(സാധാ) നമ്പർ 1813/2011/തസ്വഭവ ഉത്തരവ് പ്രകാരം എൻ.ആർ.എച്ച്.എം പദ്ധതി പ്രകാരമുള്ള ആശുപത്രികളിലെ ഫാർമസിസ്റ്റ്/അറ്റൻഡർ/ പാർട്ട് ടൈം സ്വീപ്പർ എന്നിവർക്ക് ഗ്രാമ പഞ്ചായത്തുകളിൽ നിന്നും വേതനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുകയും ചെയ്തു. ഈ ജീവനക്കാർക്കുള്ള ശമ്പള കുടിശിക നൽകാനുള്ളത് സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു ലഭ്യമാക്കുന്നതാണ്.

| | | |
|---|---|---|
| (ഡി) | ജീവനക്കാരുടെ വിവിധ തസ്തികകളും ശമ്പള വേതനവ്യവസ്ഥകളും വിശദമാക്കാമോ? | (ഡി) വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ